**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2316** **14-10-2024 - ൽ മറുപടിയ്ക്ക്**

**മാലിന്യം വലിച്ചെറിയൽ മുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാലിന്യം വലിച്ചെറിയുന്ന രീതി ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മാലിന്യം വലിച്ചെറിയുന്ന രീതി ഇല്ലാതാക്കാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>*പാഴ്വസ്തുക്കൾ ഉറവിടത്തിൽ തന്നെ ജൈവം അജൈവം എന്നിങ്ങനെ ഇനംതിരിച്ച് അജൈവ പാഴ്വസ്തുക്കൾ സംസ്കരിക്കുന്നതിനായി ഹരിതകർമ്മസേന മുഖേന ശേഖരിക്കുകയും ജൈവ മാലിന്യം കഴിവതും ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയും ചെയ്തുവരുന്നു. ഉറവിട ജൈവ മാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷൻ മുഖേന സബ്സിഡിയുടെ സംസ്കരണ ഉപാധികൾ ആവശ്യക്കാർക്ക് നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിയും.<br><br>*മാലിന്യം കത്തിക്കുക, വലിച്ചെറിയുക, അനുവദനീയമല്ലാത്ത സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുക തുടങ്ങിയ പ്രവർത്തികൾക്കെതിരായ നിയമനടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ കാലോചിതമായി പരിഷ്കരിക്കുകയും അതിന്റെ ഭാഗമായി ഈ കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റകൃത്യത്തിന്റെ തീവ്രതക്കനുസരിച്ച് കുറ്റസ്ഥാപനത്തിന്മേൽ 10000 രൂപയിൽ കുറയാതെയും 50000 രൂപയിൽ കവിയാതെയുമുള്ള പിഴയോ 6 മാസത്തിൽ കുറയാതെയും 1 വർഷത്തിൽ കവിയാതെയുമുള്ള തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.<br><br>കൂടാതെ നടപടികൾ ശക്തമാക്കുന്നതിൻറെ ഭാഗമായി ഓരോ ജില്ലയിലും ജില്ലാതല എൻഫോഴ്സ്മെൻറ് |

| | | | |
|---|---|---|---|
| | | | സ്ക്വാഡും തദ്ദേശ സ്വയംഭരണ സ്ഥാപനതല വിജിലൻസ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു.<br><br>പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി മാലിന്യം വലിച്ചെറിയുന്നവരുടെ ഫോട്ടോ/വീഡിയോ എടുത്ത് നൽകുന്ന വ്യക്തിക്ക് പാരിതോഷികം നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുള്ളതിന്റെ ഭാഗമായി സംസ്ഥാനത്ത് എവിടെ നിന്നും പരാതി അറിയിക്കുന്നതിനായി സജ്ജമാക്കിയിട്ടുള്ള 9446700800 എന്ന വാട്സ്ആപ് നമ്പരിലൂടെ പരാതികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കുന്നതിന് സംവിധാനമുണ്ട്.<br><br>*മാലിന്യം വലിച്ചെറിയുന്നതി നെതിരെയുള്ള നിരീക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുഖേന ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.<br><br>*മാലിന്യം വലിച്ചെറിയുന്നത്തിനെതിരെയുള്ള ബോധവൽക്കരണ ബോർഡുകൾ / ചുമരെഴുത്തുകൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു.<br><br>*വിദ്യാർത്ഥികളിൽ ശരിയായ മാലിന്യ നിർമ്മാർജ്ജന ശീലങ്ങൾ വളർത്തുന്നതിന്റെ ഭാഗമായി ആയത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.നിലവിൽ 3,5,7,9 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മാലിന്യം വലിച്ചെറിയൽ മുക്ത കേരളമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്.<br><br>മാലിന്യം കത്തിക്കുക, വലിച്ചെറിയുക, അനുവദനീയമല്ലാത്ത സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുക തുടങ്ങിയ പ്രവർത്തികൾക്കെതിരായ നിയമനടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ കാലോചിതമായി പരിഷ്കരിക്കുകയും അതിന്റെ ഭാഗമായി ഈ കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റകൃത്യത്തിന്റെ തീവ്രതക്കനുസരിച്ച് കുറ്റസ്ഥാപനത്തിന്മേൽ 10000/- രൂപയിൽ കുറയാതെയും 50000/- രൂപയിൽ കവിയാതെയുമുള്ള പിഴയോ 6 മാസത്തിൽ കുറയാതെയും 1 വർഷത്തിൽ കവിയാതെയുമുള്ള തടവോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ